ഉത്തരം

(എ) കേരളത്തിന്റെ അനന്തമായ ടൂറിസം സാദ്ധ്യതകൾ മുന്നിൽക്കണ്ട് സമഗ്രവും ആസൂത്രിതവുമായ വികസന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ടൂറിസം മേഖലകളുടെ സംരക്ഷണവും പരിപാലനവും, ടൂറിസം ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര തലത്തിലുള്ള ആസൂത്രിതമായ വിപണനം, പൈതൃക സംരക്ഷണം എന്നിവയെല്ലാം ടൂറിസം മേഖലയുടെ സമഗ്രമായ വിപുലീകരണത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്.

(ബി) ഉണ്ട്. ടൂറിസം വകുപ്പ് കഴിഞ്ഞ കുറെ വർഷങ്ങളായി വിവര സാങ്കേതിക വിദ്യയുടെ വിവിധ ആശയങ്ങളായ വെബ്സൈറ്റ്, മൾട്ടിമീഡിയ സിഡികൾ എന്നിവ ടൂറിസം പ്രചരണത്തിനും വികസനത്തിനുമായി ഉപയോഗിച്ചുവരുന്നു.

ടൂറിസം വികസന പദ്ധതികൾ

34 [710] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിന് സർക്കാർ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാവി പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(i) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
(ii) പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിക്കൽ.
(iii) ടൂറിസം കേന്ദ്രങ്ങളുടെ രൂപീകരണം.
(iv) ടൂറിസം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ.
(v) പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ.
(vi) തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം.
(vii) പൈതൃക സംരക്ഷണവും പരിപാലനവും.

(ബി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും പ്രകൃതിയുടെയും സംസ്ക്കാരത്തിന്റെയും സംരക്ഷണത്തിനും മുൻഗണന നൽകി ക്കൊണ്ടുള്ള വികസനമാണ് സർക്കാർ ഭാവിയിൽ ഉദ്ദേശിക്കുന്നത്. സ്വകാര്യ സംരംഭക രുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും ഉദ്ദേശിക്കുന്നു. വഴിയോരം, ഫാം ടൂറിസം, എന്റെ ഗ്രാമം സൗഹൃദ ഗ്രാമം പദ്ധതി, എക്കോ ടൂറിസം പദ്ധതികൾ എന്നിവ പുതിയ പദ്ധതികളിൽ ചിലതാണ്.

LIBRARY ARCHIVES Kerala Legislative Assembly